# പതിമൂന്നാം കേരള നിയമസഭ
## ആറാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ 3019 — 20/12/2012ൽ മറുപടിയ്ക്ക്

## സിവിൽ സ്റ്റേഷൻ നിർമ്മാണം

| ചോദ്യം | | മറുപടി | |
|---|---|---|---|
| | ശ്രീ.ബി.സത്യൻ | | ശ്രീ.അടൂർ പ്രകാശ് (ബഹു.റവന്യൂവും കയറും വകുപ്പ് മന്ത്രി ) |
| (എ) | ആറ്റിങ്ങൽ സിവിൽ സ്റ്റേഷൻ കെട്ടിടത്തിന്റെ രണ്ടാം ഘട്ട നിർമ്മാണവും കിളിമാനൂർ സിവിൽ സ്റ്റേഷൻ നിർമ്മാണവും പൂർത്തിയായി വരുന്ന സാഹചര്യത്തിൽ ഏതെല്ലാം ഡിപ്പാർട്ട്മെന്റിന്റെ കീഴിലുള്ള ഓഫീസുകളാണ് ഈ കെട്ടിടങ്ങളിൽ ഉൾപ്പെടുത്താൻ തീരുമാനിച്ചിട്ടുള്ളത്; ഇത് സംബന്ധിച്ച തീരുമാനമെടുക്കുന്ന ഉദ്യോഗസ്ഥൻ ആരാണ് ; വിശദമാക്കാമോ ; | (എ) | പൊതുമരാമത്ത്, റീസർവ്വെ, പൊതു വിതരണം, സഹകരണം, സെയിൽസ് ടാക്സ്, വ്യവസായം, ഫോറസ്റ്റ്, കൃഷി, എക്സൈസ്, കയർ, രജിസ്ട്രേഷൻ, തൊഴിൽ, ഇറിഗേഷൻ, ഇക്കണോമിക്സ് & സ്റ്റാറ്റിസ്റ്റിക്സ്, സോഷ്യൽ വെൽഫെയർ, ആഭ്യന്തരം എന്നീ വകുപ്പുകളുടെ കീഴിൽ വരുന്ന ഓഫീസുകളെയാണ് ഉൾപ്പെടുത്തുവാൻ തീരുമാനിച്ചിട്ടുള്ളത്.ഇത് സംബന്ധിച്ച് തീരുമാനമെടുക്കുന്ന ഉദ്യോഗസ്ഥൻ ജില്ലാ കളക്ടറാണ്. |
| (ബി) | ഓഫീസുകൾ പ്രവർത്തിക്കുവാൻ സ്ഥലം അനുവദിക്കുന്നതിൽ അളവുകൾ നിശ്ചയിച്ചിട്ടുണ്ടോ ; ഉണ്ടെങ്കിൽ അളവ് നിശ്ചയിക്കുന്നതിനുള്ള മാനദണ്ഡവും ഓരോ ഓഫീസിനും അനുവദിച്ചിട്ടുള്ള അളവ് എത്ര വീതമാണെന്നും വിശദമാക്കുമോ.? | (ബി) | ഓഫീസുകൾ പ്രവർത്തിക്കുവാൻ സ്ഥലം അനുവദിക്കുന്നതിൽ അളവുകൾ നിശ്ചയിച്ചിട്ടുണ്ട്. ഓരോ ഓഫീസിലെയും ജീവനക്കാരുടെ എണ്ണത്തിന്റെ അടിസ്ഥാനത്തിൽ അനുവദിച്ചു നൽകേണ്ട സ്ഥലത്തിന്റെ വിസ്തീർണ്ണം പൊതുമരാമത്ത് വകുപ്പ് മുഖാന്തിരം തിട്ടപ്പെടുത്തിയ ശേഷം സ്ഥലം അനുവദിച്ചു നൽകുന്നു.<br><br>ആറ്റിങ്ങൽ മിനി സിവിൽ സ്റ്റേഷനിൽ വിവിധ ഓഫീസുകൾക്ക് ഓരോ ഓഫീസിനും വേണ്ട സ്ഥലത്തിന്റെ അളവുകൾ നിശ്ചയിച്ചിട്ടുണ്ട്. കിളിമാനൂർ സിവിൽ സ്റ്റേഷനിൽ പ്രവർത്തിക്കേണ്ട ഓഫീസുകൾക്ക് സ്ഥലം അനുവദിച്ചു നൽകിയിട്ടില്ല.<br><br>രണ്ടാം ഘട്ടം നിർമ്മാണം പൂർത്തിയാകുന്ന ആറ്റിങ്ങൽ സിവിൽ സ്റ്റേഷനിൽ വിവിധ ഓഫീസുകൾക്ക് അനുവദിച്ചു നൽകിയ വിസ്തീർണ്ണം ചുവടെ ചേർക്കുന്നു. |

രണ്ടാം നില

a. കോ-ഓപ്പറേറ്റീവ് അസിസ്റ്റന്റ് രജിസ്ട്രാറുടെ കാര്യാലയം - 142 $M^2$
b. മൈനർ ഇറിഗേഷൻ അസിസ്റ്റന്റ് എഞ്ചിനീയറുടെ കാര്യലയം - 43.90$M^2$
c. മൈനർ ഇറിഗേഷൻ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ കാര്യാലയം - 74.50$M^2$
d. മൈനർ ഇറിഗേഷൻ അസിസ്റ്റന്റ് എഞ്ചിനീയറുടെ (ഇൻവെസ്റ്റിഗേഷൻ) കാര്യാലയം - 39.50 $M^2$
e. അസിസ്റ്റന്റ് എഞ്ചിനീയറുടെ (ജലസേചനം) കാര്യാലയം - 40 $M^2$
f. താലൂക്ക് സ്റ്റാറ്റിസ്റ്റിക്കൽ ഓഫീസറുടെ കാര്യാലയം - 92 $M^2$
g. സെയിൽ ടാക്സ് ഇന്റലിജൻസ് ഓഫീസറുടെ കാര്യാലയം - 44 $M^2$
h. സെയിൽ ടാക്സ് ഓഫീസറുടെ കാര്യാലയം - 151 $M^2$
i. പൊതുമരാമത്ത് വകുപ്പ് (കെട്ടിട വിഭാഗം) സബ് ഡിവിഷൻ ഓഫീസ് - 66 $M^2$
j. പൊതുമരാമത്ത് വകുപ്പ് (റോഡ്സ് വിഭാഗം) സെക്ഷൻ ഓഫീസ് - 40 $M^2$
k. അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ പൊതുമരാമത്ത് റോഡ്സ് സബ് ഡിവിഷൻ ഓഫീസ് - 75 $M^2$

മൂന്നാം നില

1. അസിസ്റ്റന്റ് രജിസ്ട്രാറുടെ (ജനറൽ) കാര്യാലയം - 79 $M^2$
2. അസിസ്റ്റന്റ് ഇൻഡസ്ട്രീസ് ഓഫീസറുടെ കാര്യാലം - 101 $M^2$
3. സോഷ്യൽ ഫോറസ്റ്റ് റേഞ്ച് ഓഫീസറുടെ കാര്യാലയം - 44 $M^2$
4. കയർ പ്രോജക്ട് ഓഫീസറുടെ കാര്യാലയം - 118 $M^2$
5. അസിസ്റ്റന്റ് ലേബർ ഓഫീസറുടെ കാര്യാലയം - 43 $M^2$
6. അഗ്രികൾച്ചർ ഫീൽഡ് ഓഫീസറുടെ കാര്യാലയം - 43 $M^2$
7. അസിസ്റ്റന്റ് ഡയറക്ടർ, അഗ്രികൾച്ചറുടെ കാര്യാലയം - 65 $M^2$
8. ജില്ലാ പ്രൊബേഷൻ ഓഫീസറുടെ കാര്യാലയം - 51 $M^2$
9. എക്സൈസ് സർക്കിൾ ഓഫീസറുടെ കാര്യാലയം - 77 $M^2$

10. ഫുഡ് ഇൻസ്പെക്ടറുടെ കാര്യാലയം -32M²
11. അസിസ്റ്റന്റ് പബ്ലിക് പ്രോസിക്യൂട്ടറുടെ കാര്യാലയം - 43.20 M²

സെക്ഷൻ ഓഫീസർ